നർമ്മഭാവന

# നിൻ തുമ്പ് കെട്ടിയിട്ട ചുരുൾമുടിയിൽ

സുധീർ പണിക്കവീട്ടിൽ

പൊതുജനം കഴുതയാണെന്നും കന്നിപ്പട്ടിയാണെന്നും കേൾക്കുന്നത്കൊണ്ട് അയാൾ ആൾക്കൂട്ടത്തിൽ നിന്നകന്ന് കഴിഞ്ഞു. കന്നിപ്പട്ടികൾ ഇണചേരുന്നതും കടിപിടി കൂടുന്നതും പാവം കഴുതകൾ വല്ലവൻേറയും വിഴുപ്പ് താങ്ങി നടക്കുന്നതും എന്തിനു കാണുന്നു എന്ന ന്യായമായ ചിന്ത. കാമം കരഞ്ഞ് കളയുന്ന കഴുതകളേയും വർഷത്തിൽ ഒരു മാസം കാമം ആസ്വദിക്കുന്ന പട്ടികളേയുമൊക്കെ വല്ലപ്പോഴും കാണണമെന്നും സമൂഹത്തിലെ ചലനങ്ങൾ ഒരു വ്യക്തിയെന്ന നിലക്ക് മനസ്സിലാക്കേണ്ടത് ആവശ്യമാണെന്നുമുള്ള മഹദ് വചനങ്ങളെ മാനിച്ച് പ്രസ്തുത വ്യക്തി ഒരു സിനിമ കാണാൻ പോയി.

വിവിധ തരത്തിലുള്ള ധാരാളം പേർ ഒത്ത് കൂടുന്ന ഒരു സദസ്സാണല്ലോ സിനിമഹാൾ. അയാൾ എത്തിയപ്പോഴേക്കും സിനിമ തുടങ്ങിക്കഴിഞ്ഞു. രണ്ട് വരികളായി ഇരിക്കുന്ന പ്രേക്ഷകരുടെ നടുവിലൂടെ അയാൾ നടന്നു. സെക്യൂരിറ്റി ചൂണ്ടിക്കാട്ടിയ സീറ്റിന്നടുത്ത് എത്തി അയാൾ ഇരിക്കാൻ വയ്യാതെ നിന്നു. സീറ്റിൽ മുൻ നിരയിൽ ഇരിക്കുന്ന സ്ത്രീയുടെ നീണ്ട മുടിക്കെട്ട് കയറിയിരിപ്പുണ്ട്.ഒരു മുല പറിച്ചെറിഞ്ഞ് മറ്റേ മുല തോളത്തിട്ടിരിക്കുന്ന കർണ്ണകിയെപോലെ തൻെറ നീണ്ട ചുരുണ്ട മുടിയുടെ അറ്റം പിന്നിലെ ഒഴിഞ്ഞ സീറ്റിൽ വച്ച് പ്രൗഢാംഗന ഇരിക്കുകയാണ്. അവരുടെ ശ്രദ്ധ മുഴുവൻ വെള്ളിത്തിരയിൽ മിന്നിത്തിളങ്ങുന്ന താരങ്ങളിലാണ്. താരങ്ങളാകട്ടെ ഏതൊ യുഗ്മഗാനം പാടിതകർക്കുകയാണ്. ഇരിക്കാൻ താമസിക്കുന്നത്കൊണ്ട് അയാൾ മറ്റ് കാണികൾക്ക് മുന്നിൽ തടസ്സമാകുകയാണു. അവർ അമർഷം മൂളാൻ തുടങ്ങി. സെക്യൂരിറ്റി ഉഗ്രസ്വരത്തിൽ കൽപ്പിച്ചു. “സിറ്റ് ഡൗൺ”

അയാൾ പാമ്പിനെ തൊടുന്നപോലെ ആ കേശഭാരക്കെട്ട് പതുക്കെ താഴേക്കിട്ട് സീറ്റിൽ കയറിയിരുന്നു. തറയിൽ മുട്ടുന്ന മുടിയഴിച്ചിട്ടിരിക്കുന്ന പ്രൗഢാംഗന ആനയെപ്പോലെ പതുക്കേ ഒന്നനങ്ങി. സിനിമയിലെ നായിക-നായകന്മാർ കെട്ടിപിടിക്കുകയും പ്രേമാർദ്രമായ സംഭാഷണങ്ങളിൽ പ്രേക്ഷകരെ പുളകം കൊള്ളിക്കുകയുമാണ്. അയാളും ആ രംഗങ്ങളിൽ ആസ്വദിച്ചിരിക്കവെ ഓർക്കാപ്പുറത്ത് അയാളുടെ കവിളിൽ ഒരടി വീണു. കുതിരയും, പശുവുമൊക്കെ വാൽ ആട്ടുന്നപോലെ മുന്നിലിരിക്കുന്ന പ്രൗഢംഗന അവരുടെ മുടി പുറകിലോട്ട് എറിഞ്ഞതാണു. മുടിയിഴകൾ അയാളുടെ കവിളിൽ തട്ടി ചിതറി താഴെ ഉരുണ്ട് പിരിഞ്ഞ് വീണു.

സിനിമ തുടർന്നുകൊണ്ടിരുന്നു. ഇതൊക്കെ സിനിമ കാണലിൻെറ ഒരു ഭാഗമാണെന്ന് ധാരിച്ച് അയാൾ സ്ക്രീനിൽ നോക്കിയിരിക്കവെ ആ "കറുത്ത കൈ" അയാളുടെ കവിളിലും കണ്ണിലും ചെവിയിലും ചുറ്റിയടിച്ച് തറയിൽ കിടന്ന് ഇഴഞ്ഞു. അവർ ഓരൊ തവണ മുടിക്കെട്ട് എറിയുമ്പോഴും ആ ചികുരഭാരം പ്രസ്തുത വ്യക്തിയുടെ മുഖത്താകെ ആഞ്ഞടിക്കും. ശകലം വേദനയും അയാൾക്കനുഭവപ്പെടാൻ തുടങ്ങി. അതിനേക്കാൾ ഉപരി പരസ്ത്രീയുടെ മുടി കൊണ്ടുള്ള സ്പർശനം അത്രക്ക് സുഖകരമായി തോന്നിയില്ല. അയാളുടെ പതിനാറാം വയസ്സൊക്കെ എന്നേ കഴിഞ്ഞ്പോയി. ആ പ്രായത്തിൽ ഇത്തരം മുടി ചുംബനങ്ങൾ ഒരു പക്ഷെ ഹർഷപുളകിതമാകുമായിരിക്കും. തന്നേയുമല്ല വടക്കൻ പാട്ടുകളിലെ വീരനായകൻ പാലാട്ട് കോമനെപോലെ ഒരു പെണ്ണിൻെറ മുടിക്കുള്ളിൽ ഒളിച്ച് നിൽക്കാൻ അയാൾ അവരെ പ്രേമിക്കുന്നവനുമല്ലല്ലൊ? ഓരോ ചിന്തകളിൽ അയാൾ ആണ്ടുപോകുമ്പോഴും ഇടക്കിടെ "മുടിയാട്ടം" തുടർന്നുകൊണ്ടിരുന്നു. അയാൾ ദൈവത്തോട് പ്രാർഥിച്ചു. "ദൈവമേ ഈ മുടിയാട്ടം എന്തിൻെറ കൊടിയേറ്റമാണു? ഈ സ്ത്രീക്കറിയില്ലേ അവർക്ക് നീണ്ട് ചുരുണ്ട മുടിയുണ്ടെന്ന്, അത് പുറകിലോട്ട് എറിഞ്ഞാൽ പുറകിലിരിക്കുന്നവരുടെ ദേഹത്ത് ആഞ്ഞ് പതിക്കുമെന്ന്. വെള്ളിത്തിരയിൽ പ്രേമരംഗങ്ങൾക്ക് ചൂട് പിടിക്കുന്നതനുസരിച്ച് "മുടിവാൽ" അയാളുടെ കവിളിലും കണ്ണിലും പൊതിരെ പെരുമാറാൻ തുടങ്ങി.

നിസ്സഹായനായ അയാൾ ഇരുപുറവും നോക്കി. എല്ലാവരും ശാന്തമായിരുന്ന് മൂവി ആസ്വദിക്കുകയാണു. തൻെറ മുമ്പിൽ ഈ കുരിശ്ശ് എങ്ങനെ വന്നുപ്പെട്ടു എന്നാലോചിച്ച് അയാൾ ദു:ഖിച്ചു, കാര്യം അവരെ ധരിപ്പിക്കാൻ വേണ്ടി അയാൾ "മിസ്" എന്നു വിളിച്ചു. വീണ്ടും വിളിച്ചു. യാതൊരു പ്രതികരണവുമില്ല. തൻെറ അടുത്തിരിക്കുന്നവർ പോലും ശ്രദ്ധിക്കുന്നില്ല. സിനിമയുടെ ഇന്ദ്രജാലം. സിനിമ കണ്ടുകൊണ്ടിരിക്കുമ്പോൾ ആളുകൾ ഒന്നുമറിയുന്നില്ല. എല്ലാവരും നടീനടന്മാരുടെ പ്രകടനങ്ങളിൽ ലയിച്ചിരിക്കുയാണു്. സംവിധായകനു അഭിമാനിക്കാം.

അയാളുടെ ചെകിട്ടത്ത് വീണ്ടും മുടിവാൽ കൊണ്ട് ഒരു പ്രഹരം കൂടി കിട്ടി. അയാൾ "എക്സ്യൂസ് മി" എന്നു പതറിയ ശബ്ദത്തിൽ പറഞ്ഞു. കവിളുകൾ പതുക്കെ തലോടി. കോളേജ് കുമാരനായിരുന്നകാലത്ത് എത്രയോ സുന്ദരിമാർ ചുംബിച്ച കവിളാണു്. അവിടെയാണു അപരിചിതയായ ഒരു സ്ത്രീയുടെ മുടി വന്ന് കൊള്ളുന്നത്. "ഛെ അയാൾ തന്നത്താൻ ശപിച്ചു. എന്തു ചെയ്യണമെന്നറിയാതെ പരവശനായി. ഇക്കണക്കിനു മുടിവാൽ പ്രഹരം തുടങ്ങുകയാണെങ്കിൽ സിനിമ കഴിയുമ്പോഴേക്കും തൻെറ കവിൾ ഒരു പരുവമാകും. മുടിവന്നടിച്ച് അയാളുടെ കണ്ണുകൾ ചുവന്നു. ഇടവേളയായെങ്കിൽ സീറ്റ് മാറാമെന്നാശ്വസിച്ചു. എന്നാൽ അത് വരെ ഈ പീഡനം സഹിക്കുന്നതെങ്ങിനെ? വിളിച്ചിട്ടാണെങ്കിൽ ആ സ്ത്രീ ശ്രദ്ധിക്കുന്നില്ല.

അയാൾ ധൈര്യം സംഭരിച്ച് മുന്നോട്ടാഞ്ഞ് പതുക്കെ അവരുടെ തോളിൽ തട്ടി. അയാളുടെ കൈപ്പത്തിയുടെ പകുതി ഭാഗം ബ്ലൗസ് മറക്കാത്ത അവരുടെ നഗ്നമായ തോളിലാണു തട്ടിയത്. പാതിവ്രത്യഭംഗം, പരപുരുഷ സ്പർശനം. അവർ ഉണ്ണിയാർച്ചയെപ്പോലെ എഴുന്നേറ്റ് തിരിഞ്ഞ് നിന്നു. ഉടനെ ഇടവേളയുടെ ലൈറ്റും കത്തി. അപ്പോൾ തെളിഞ്ഞ ദീപത്തിൽ അവർ പരസ്പരം കണ്ടു. അവർ തൻെറ മുടിവാൽ പുറകോട്ടിട്ട്

സാരി അരയിൽ കുത്തി മാന്യമായി അലറി. " താൻ എന്നെ തൊട്ടു അല്ലേ" തനിക്കെന്തിൻെറ അസുഖമാണു്. കുറെ നേരമായി ഞാൻ ശ്രദ്ധിക്കുന്നു. താൻ വന്നിരുന്ന നേരം തൊട്ട് "ശ്ശ്" എന്ന വിളിയും എൻെറ മുടിയിൽ പിടിച്ച് വലിയും.

സ്ത്രീയുടെ ആരോപണം കേട്ട്, അയാൾ വല്ലാതാകുമ്പോൾ അവരുടെ ഭർത്താവ് അവരെ നോക്കി ആരാധനപൂർവ്വമിരുന്നു. ഇടവേളക്ക് പുറത്ത് പോകാൻ തീരുമാനിച്ചവർ തൽക്കാലം പുറത്ത് പോകണ്ട എന്താണു സംഭവിക്കുന്നതെന്നറിയാമല്ലോ എന്നു കരുതി അവിടെ തങ്ങി നിന്നു. ഒരു പെൺകോന്തൻ ആ സ്ത്രീയുടെ വക്കാലത്ത് പിടിക്കാൻ അവിടെ പ്രത്യക്ഷപ്പെട്ടു.

അയാൾ പറഞ്ഞു. നാട്ടിൽ പെണ്ണുങ്ങൾക്ക് ബസ്സിൽ കയറിക്കൂടാ, പൊതു സ്ഥലങ്ങളിൽ നടന്നുകൂടാ.. എന്താ. ഇവിടെ അമേരിക്കയിലും അങ്ങനെ ആകാമെന്നു കരുതിയോ? അത് കേട്ട് സ്ത്രീ പറഞ്ഞു . നോക്കട്ടെ എൻെറ സാരിയെങ്ങാൻ വ്രുത്തികേടോയെന്ന്, അത് കേട്ട് ചുറ്റും കൂടിയവർ പൊട്ടിച്ചിരിച്ചു.

കുറ്റം ആരോപിക്കപ്പെട്ട വ്യക്തി സത്യാവസ്ഥ വിവരിക്കാൻ വേണ്ടി "നിങ്ങളുടെ മുടി" എന്ന് തുടങ്ങവേ ഇടയിൽ കയറി സ്ത്രീ വീണ്ടും അലറി.

"എന്താടോ എൻെറ മുടിക്ക്"

അവരുടെ തട്ടിക്കയറൽ അയാളെ നിസ്സഹായനാക്കി. അയാൾ ആവർത്തിച്ചു. "നിങ്ങളുടെ മുടി പുറകോട്ട് എറിയുമ്പോൾ അത് എൻെറ മുഖത്താണു് വന്നടിച്ചിരുന്നത്. വിവരം നിങ്ങളെ അറിയിക്കാൻ ഞാൻ "മിസ്സ്, മിസ്സ്" എന്നു വിളിച്ചതാണു. നിങ്ങൾ പറഞ്ഞ്പ്പോലെ "ശ്ശ്, ശ്ശ് " എന്നല്ല. നിങ്ങൾ ശ്രദ്ധിക്കാതെ വന്നപ്പോൾ "എക്സ്യൂസ് മി" എന്നും പറഞ്ഞു നോക്കി.

അവർ വായ്കോട്ടി പരിഹസിച്ചു. " എക്സ്യുസ് മി"... ഊം മാപ്പ് ചോദിച്ച്കൊണ്ട് മറ്റൊരുത്തൻെറ ഭാര്യയെ കയറി പിടിക്കുന്ന താൻ കൊള്ളാമല്ലോ? താൻ എവിടത്ത്കാരനാ...

ആളുകൾ കൂട്ടച്ചിരി മുഴക്കി രംഗത്തിനു കൊഴുപ്പുണ്ടാക്കി. സത്യാവസ്ഥ എങ്ങനെ മനസ്സിലാക്കുമെന്നറിയാതെ അയാൾ കുഴഞ്ഞു. അയാൾ ധൈര്യം സംഭരിച്ച് "സിസ്റ്റർ എന്നു വിളിച്ചു"

ഞാൻ തൻെറ സിസ്റ്ററോ? അതോ ഞാൻ നേഴ്സാണന്നാണോ? നേഴ്സ്മാരോട് എന്തും ആകാമെന്നാണോ? വേല കയ്യിലിരിക്കട്ടെ മനുഷ്യാ.. അവരുടെ ഭർത്താവ് ഭാര്യയുടെ പ്രകടന മിഴിവുകണ്ട് അന്തം വിട്ടിരിക്കുകയാണു. മലയാളത്തിലെ പ്രസിദ്ധ നടിമാർ ശോഭനയേയും മജ്ഞു വാര്യരേയും കടത്തി വെട്ടുന്ന പ്രകട നം.

മുടികൊണ്ടടികൊണ്ട മനുഷ്യൻ ആണയിട്ട് പറഞ്ഞു ' ഞാൻ ഒരനാവശ്യവും പറഞ്ഞില്ല, ചെയ്തില്ല, നിങ്ങൾ കൂടെ കൂടെ മുടികൊണ്ട് എൻെറ മുഖത്തേറിഞ്ഞു

വേദനിപ്പിക്കുകയായിരുന്നു. അയാൾ അവരുടെ ഭർത്താവിൻെറ മുഖത്തേക്ക് ആശയോടെ നോക്കി. എന്നാൽ അയാൾ ഒന്നും മിണ്ടുന്നില്ല. സ്ത്രീ ഈറ്റ പുലിയെപോലെ ചീറ്റുകയാണ്. ഞാൻ ആദ്യമായിട്ടല്ല സിനിമിയക്ക് പോകുന്നത്. എൻെറ മുടി എനിക്ക് പതിമ്മൂന്ന് വയസ്സ് മുതൽ ഉള്ളതാണ് കുഴപ്പക്കാരൻ താനാണ്. അപ്പോഴേക്കും ഇടവേള അവസാനിച്ചു. ലൈറ്റണഞ്ഞു. സെക്യൂരിറ്റി വന്ന് ആ പാവം മനുഷ്യനെ പൊക്കിയെടുത്ത് പുറത്ത് തള്ളി.

അവിടെ വേറൊരാൾ വന്നിരുന്നു. അയാൾക്ക് ആ മുടിയേറ് ആസ്വാദജനകമായിരുന്നു. ഷാമ്പൂവിൻെറ മണമുള്ള നല്ല മിനുസമുള്ള മുടി. അയാൾ അതിനെ കവിളോട് ചേർത്ത് പിടിച്ചു. അയാളുടെ മടിത്തട്ടിൽ ആ മുടിക്കെട്ട് ഇടക്കിടെ കയറിയിരുന്ന് കൊഞ്ചി. ഓരോ തവണ അവർ മുടി എടുത്തെറിയുമ്പോഴും അയാൾ അതിൽ പിടിച്ച് പാടി... “നിൻ തുമ്പ് കെട്ടിയിട്ട ചുരുൾമുടിയിൽ തുളസി കതിരില ചൂടി തുഷാര ഹാരം മാറിൽ ചാർത്തി താരുണ്യമേ നീ വന്നു”

അങ്ങനെ ആ മുടിക്കെട്ടിൽ അയാൾ താടിയും മുഖവും ഉരസി രസിക്കവേ സ്ത്രീയുടെ ഭർത്താവ് പുറകിലേക്ക് തിരിഞ്ഞ് നോക്കി. രംഗം കണ്ടപ്പോൾ അയാൾക്ക് സത്യാവസ്ഥ മനസ്സിലായി. അയാൾ ഭാരയുടെ കവിളിൽ ഒന്ന് പൊട്ടിച്ചു. “എടീ, നിൻെറ തലമുടി നിൻെറ തലയിലാണ് ഇരിക്കേ ണ്ടത്, അയൽക്കാരൻെറ മടിയിലല്ല. അയാൾ അവരേയും കൊണ്ട് പുറത്ത് വന്നപ്പോൾ ആദ്യമായി വീട്ടിൽ നിന്നിറങ്ങിയ, സിനിമ മുഴുവൻ കാണാൻ കഴിയാതെ പുറത്ത് പോകേണ്ടി വന്ന ആൾ അവിടെ നിന്നിരുന്നു. സ്ത്രീയുടെ ഭർത്താവ് അയാളോട് പറഞ്ഞു.“ക്ഷമിക്കണം, മിസ്റ്റർ”.

ശുഭം